**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4919** **14-03-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജക മണ്ഡലത്തിലെ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ കാരേറ്റ് മുതൽ പാലോട് വരെയുള്ള (വാമനപുരം ചിറ്റാർ) റോഡിൽ കിഫ്‌ബി മുഖാന്തിരം 2018 മുതൽ നിർമ്മാണം ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | വാമനപുരം ചിറ്റാർ റോഡിൻറെ പ്രവൃത്തിക്ക് 01.11.2016 ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 26.07.2017 ൽ 31.70 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്‌ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 28.09.2017 ൽ സാങ്കേതികാനുമതി നൽകി 05/10/2017 -ൽ ഏറ്റവും കുറവ് തുകയായ 24.83 കോടി രേഖപ്പെടുത്തിയ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും എന്നാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാകാത്തതിനാൽ 18.02.2022 ൽ കോൺട്രാക്ടറുടെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതുമാണ് നിലവിൽ DBM ഉൾപ്പടെ 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാലൻസ് പ്രവൃത്തിയായ BC, റോഡ് സേഫ്റ്റി തുടങ്ങിയവയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി 19.04.2022 ൽ ടെണ്ടർ ചെയ്യുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരൻറെ ടെൻഡർ 21.10.2022 ലെ 37-ാമത് ടെൻഡർ അപ്പ്രൂവൽ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. വാമനപുരം ചിറ്റാർ റോഡിലെ കാരേറ്റ് മുതൽ പാലോട് വരെയുള്ള ഭാഗം BM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രവൃത്തിയുടെ അടങ്കൽ തുക, സാങ്കേതികാനുമതി തുക, റോഡ് നിർമ്മാണത്തിന് ഇതുവരെ ചെലവായ തുക എന്നിവ സംബന്ധിച്ച വിശദാംശം നല്കുമോ; | (ബി) | പ്രവൃത്തിയുടെ അടങ്കൽ തുക – 31,09,63,045/- രൂപയും സാങ്കേതികാനുമതി തുക31,70,00,000/- രൂപയുമാണ്. റോഡ് നിർമ്മാണത്തിന് ഇതുവരെ 16,33,18,656/- രൂപയുടെ ബിൽ കിഫ്‌ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (സി) | ബാക്കി എന്തെല്ലാം പ്രവൃത്തികളാണ് ഇനി നിർവഹിക്കാനുള്ളതെന്നും അവ എന്ന് | (സി) | BC, റോഡ് സേഫ്റ്റി പ്രവൃത്തികൾ, ബസ് ഷെൽട്ടർ തുടങ്ങിയ പ്രവൃത്തികളാണ് ബാക്കിയുള്ളത്. |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | | ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് 19.04.2022 ൽ സാങ്കേതികാനുമതി നൽകി 4 തവണ ടെൻഡർ ചെയ്യുകയും അവസാനത്തെ ടെൻഡറിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരൻറെ ടെൻഡർ 21.10.2022 ലെ 37-ാ മത് ടെൻഡർ അപ്പ്രൂവൽ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. ആയതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് കരാർ നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഇതുവരെ നടത്തിയ പ്രവൃത്തികൾ ചില സ്ഥലങ്ങളിൽ ഇളകിതുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | BM പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം BC പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ചില സ്ഥലങ്ങളിൽ BM ഇളകി തുടങ്ങിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്കായി ടെൻഡർ പൂർത്തിയാക്കുന്ന മുറയ്ക്ക് ആയത് പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ